"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- സംസ്ഥാന മിഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ചു വരുന്ന ജീവനക്കാരുടെ സേവന കാലാവധി ദീർഘിപ്പിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി.)വകുപ്പ്**

സ.ഉ.(സാധാ) നം.2009/2024/LSGD തീയതി,തിരുവനന്തപുരം, 22-10-2024

---

പരാമർശം:-

1. സ.ഉ.(കൈ) നം.80/2024/ത.സ്വ.ഭ.വ തീയതി 29.06.2024
2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷൻ ഡയറക്ടറുടെ 09.09.2024-ലെ NREGA/1056/2024-A1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് കീഴിൽ പരിചയസമ്പന്നരായ ജീവനക്കാരുടെ സേവനത്തുടർച്ച ഉറപ്പാക്കുന്നതിനായി പരാമർശം (1) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന മിഷനിൽ പദ്ധതിയ്ക്ക് കീഴിൽ നിയമിച്ചിട്ടുള്ള കരാർ ജീവനക്കാരുടെ പെർഫോമൻസ് അപ്പ്രൈസൽ നടപടികൾ പൂർത്തിയാക്കിയ ശേഷം സർക്കാരിന്റെ അംഗീകാരത്തിന് ശേഷമാണ് കരാർ കാലാവധി ദീർഘിപ്പിക്കാൻ ടി ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുള്ളത്. സംസ്ഥാന മിഷനിൽ നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ചുവടെ പറയുന്ന കരാർ ജീവനക്കാരുടെ കരാർ കാലാവധി 2024 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ പൂർത്തിയാകുന്നതാണെന്നും ടി ജീവനക്കാരുടെ പെർഫോമൻസ് അപ്പ്രൈസൽ തൃപ്തികരമാണെന്നതിനാൽ ടിയാരുടെ കരാർ കാലാവധി പുതുക്കി നൽകാൻ അനുമതി നൽകണമെന്നും പരാമർശം (2) കത്ത് പ്രകാരം മിഷൻ ഡയറക്ടർ അനുമതി തേടിയിരുന്നു.

i. ശ്രീമതി.ആൻഷി എ.സി., ഡാറ്റ എൻട്രി ഓപ്പറേറ്റർ
ii. ശ്രീമതി.സൽജ സെൽവരാജ്, ഇ.എഫ്.എം.എസ്. കൺസൾട്ടന്റ്
iii. ശ്രീ.ശ്രീകുമാർ. എ, സ്റ്റേറ്റ് ഐ.ടി.പി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ കരാർ അടിസ്ഥാനത്തിൽ സേവനമനുഷ്ഠിച്ച് വരുന്ന മേൽ പരാമർശിച്ച ജീവനക്കാരുടെ കരാർ കാലാവധി അവസാനിക്കുന്ന മുറയ്ക്ക്, പരാമർശം (1) ഉത്തരവ് പ്രകാരം, ഒരു ദിവസത്തെ ഇടവേള നൽകി, കരാർ പുതുക്കി നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മിലൻ എലിസബേത്ത് ജോർജ്

അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ശ്രീമതി.ആൻഷി എ.സി., ഡാറ്റ എൻട്രി ഓപ്പറേറ്റർ, MGNREGS സംസ്ഥാന മിഷൻ
ശ്രീമതി.സൽജ സെൽവരാജ്, ഇ.എഫ്.എം.എസ്. കൺസൾട്ടന്റ്, MGNREGS സംസ്ഥാന മിഷൻ
ശ്രീ.ശ്രീകുമാർ. എ, സ്റ്റേറ്റ് ഐ.ടി.പി., MGNREGS സംസ്ഥാന മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba. S. C
Date: 22-10-2024 11:45:02
സെക്ഷൻ ഓഫീസർ

പകർപ്പ്:ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണം, ഗ്രാമവികസന, എക്സൈസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്